കാലടി, ചെങ്ങമനാട് പോലീസ് സ്റ്റേഷൻ പരിധിയിലെ നിരന്തര കുറ്റവാളിയെ ഓപ്പറേഷൻ ഡാർക്ക് ഹണ്ടിന്റെ ഭാഗമായി കാപ്പ ചുമത്തി നാടു കടത്തി. മലയാറ്റൂർ മുണ്ടങ്ങാമറ്റം പൊന്നിടത്തു പാറ വീട്ടിൽ ബ്രിസ്റ്റോ (33) യെയാണ് ആറു മാസത്തേക്ക് നാടു കടത്തിയത്. കഴിഞ്ഞ ഡിസംബറിൽ സേവ്യർ എന്നയാളെ വധിക്കാൻ ശ്രമിച്ച കേസിൽ പ്രതിയായതിനെ തുടർന്നാണ് കാപ്പ ചുമത്തിയത്. കൊലപാതക ശ്രമം, ദേഹോപദ്രവം, അടിപിടി, വീട് കയറി ആക്രമണം തുടങ്ങിയ കേസുകളിലെ പ്രതിയാണ്. 2015 ലും ഇയാളെ കാപ്പ ചുമത്തി നടുകടത്തിയിരുന്നു.